"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ പാലക്കാട് ഡിപ്പോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ മരണപ്പെട്ട ബേബി സുകന്യ-യുടെ ഭർത്താവായ ശ്രീ. ചിദംബരേഷ് എ.-യ്ക്ക് പാലക്കാട് ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനു കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.14/2026/F&CS തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. 23/05/2024-ൽ ശ്രീ ചിദംബരേഷ് എ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷ.
2. 29/03/2025-ലെ സ.ഉ. (അച്ചടി) നം. 4/2025/P&ARD
3. പാലക്കാട് ജില്ലാ കളക്ടറുടെ 23/03/2026 തീയതിയിലെ DCPKD/12741/2024-A3 നമ്പർ കത്ത്.
4. സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ 12/05/2026 ലെ KSCSC/9920/2024-D6 (ADMN) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ പാലക്കാട് ഡിപ്പോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ 21/08/2023-ൽ മരണപ്പെട്ട ബേബി സുകന്യയുടെ ഭർത്താവായ ശ്രീ. ചിദംബരേഷ് എ., പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ, പരാമർശം (3) പ്രകാരമുള്ള പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (4) പ്രകാരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2)കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പാലക്കാട് ഡിപ്പോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ 21/08/2023-ൽ മരണപ്പെട്ട ബേബി സുകന്യയുടെ ജനനതീയതി 19/05/1993 ലും, സർവ്വീസിൽ പ്രവേശിച്ചത് 03/04/2021-ലും, ടിയാളുടെ സപ്ലൈക്കോയിലുള്ള സേവന ദൈർഘ്യം 2 വർഷവും 4 മാസവും 18 ദിവസവുമാണെന്നും, മരണപ്പെട്ട ജീവനക്കാരിയുടെ കുടുംബാംഗങ്ങളിൽ ആരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും, പാലക്കാട് തഹസിൽദാരുടെ 24/01/2024-തീയതിയിലെ 83135006 നമ്പർ അനന്തരാവകാശ സാക്ഷ്യപത്രം പ്രകാരം മരണപ്പെട്ട ജീവനക്കാരിയുടെ അനന്തരാവകാശി ഭർത്താവായ ശ്രീ. ചിദംബരേഷ് എ. (32 വയസ്സ്) ആണെന്നും, 19/12/2023- തീയതിയിലെ ഗസറ്റിൽ (No. 51 Vol XII) വിജ്ഞാപനം ചെയ്ത് ആക്ഷേപങ്ങൾ ക്ഷണിച്ച ശേഷമാണ് പാലക്കാട് തഹസിൽദാർ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതെന്നും ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ശ്രീ. ചിദംബരേഷ് എ.-യുടെ ജനനതീയതി 30/05/1993-ഉം കുടുംബത്തിന്റെ വാർഷിക വരുമാനം (84,000/-

രൂപ) ആശ്രിത നിയമനത്തിനുള്ള പരിധിയിലാണെന്നും, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ (SSLC), ടിയാന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരളാ സിവിൽ സപ്ലൈസ് കോർപറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിയമനം നൽകുന്നതിന് യോഗ്യതയുള്ളതായും പാലക്കാട് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ പാലക്കാട് ഡിപ്പോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ 21/08/2023-ൽ മരണപ്പെട്ട ബേബി സുകന്യ-യുടെ ഭർത്താവായ ശ്രീ. ചിദംബരേഷ് എ.-യ്ക്ക് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് സെയിൽസ്മാനായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, പാലക്കാട് ജില്ലയിൽ, നിയമനം നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നിയമനാധികാരി, ഇത് നേരിട്ടുള്ള നിയമനം എന്ന രീതിയിൽ, എല്ലാ നടപടിക്രമങ്ങളും പാലിച്ച് കൊണ്ട് ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും, അസ്സൽ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ഐഡന്റിറ്റി ഉൾപ്പെടെയുള്ള പരിശോധനയ്ക്ക് ശേഷം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് യഥാസമയം സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നു ലഭിച്ച ശാരീരിക ക്ഷമത സർട്ടിഫിക്കറ്റ്, ഒരു ഗസറ്റഡ് ഓഫീസറിൽ നിന്ന് ലഭിച്ച പെരുമാറ്റ/സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട ജീവനക്കാരിയുടെ സേവന പുസ്തകത്തിലും, ജീവനക്കാരി അവസാനമായി സേവനമനുഷ്ഠിച്ചിരുന്ന വിഭാഗത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും നിയമന വിവരം രേഖപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാധുവായ അപേക്ഷാതീയതി അടിസ്ഥാനമാക്കി നിയമനത്തിനുള്ള സീനിയോറിറ്റി കണക്കാക്കേണ്ടതാണ്. നിയമനം നൽകി ആറുമാസത്തിനുള്ളിൽ അപേക്ഷകന്റെ വിദ്യാഭ്യാസയോഗ്യതയുടെ ആധികാരികത നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

6) മേൽ നിയമനം തീർത്തും താൽക്കാലികമായിരിക്കും എന്തെന്നാൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്തോ, നിയമനം ലഭിച്ച ശേഷം വകുപ്പിൽ നിന്നുള്ള അന്വേഷണ സമയത്തോ, അപേക്ഷകനെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങൾ തെറ്റായി നൽകിയതായോ, മറച്ചു വച്ചതായോ ബോധ്യമാകുന്നപക്ഷം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശരത് ചന്ദ്രൻ സി എസ്

സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി (അനുബന്ധ രേഖകൾ ഉൾപ്പെടെ)

ശ്രീ. ചിദംബരേഷ് എ. (H/o ബേബി സുകന്യ), പൂങ്ങോട്, എലപ്പുള്ളി, പാലക്കാട് (മാനേജിംഗ് ഡയറക്ടർ മുഖാന്തരം)

ജില്ലാ കളക്ടർ, പാലക്കാട്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരള, തിരുവനന്തപുരം.

വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ (File No. FCSD-C3/58/2026-FCSD)

ഉത്തരവിൻ പ്രകാരം

Signed by Veena V

Date: 04-07-2026 11:43:52

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.